# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1046 — 30.11.2018-ലെ മറുപടി

## തിരുവല്ല -ചങ്ങനാശ്ശേരി നഗരങ്ങളിൽ കുടിവെള്ളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.എഫ്.തോമസ് | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തിരുവല്ല- ചങ്ങനാശ്ശേരി നഗരങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ പുതിയതായി നടപ്പിലാക്കുന്ന പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; | (എ) | കിഫ്ബിയുടെ ധനസഹായത്തോടെ തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനു വേണ്ടിയുള്ള പ്രവൃത്തികളുടെ നിമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചെലവ് എത്രയാണ്; അറിയിക്കുമോ | (ബി) | കിഫ്ബി 2016-17 ധനസഹായത്തിലുള്ള പ്രസ്തുത പദ്ധതിയ്ക്ക് 58 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ ചങ്ങനാശ്ശേരി നഗരത്തിൽ അധികമായി എത്ര ജലം ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (സി) | പ്രതിദിനം 50 ലക്ഷം ലിറ്റർ (5 MLD) അധികജലം ചങ്ങനാശ്ശേരി നഗരത്തിൽ ലഭിയ്ക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ടി പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തിരുവല്ല ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തികൾ 2019 ഡിസംബർ മാസത്തോട പൂർത്തീയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | ഗുരുതരമായ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ ഈ പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | ഈ പദ്ധതി സമയ ബന്ധിതമായി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ